Circular No.4/Gen/2021

# ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ


**ദേവലോകം, കോട്ടയം – 686 004**

**Ph: 0481 2572890, website: ossae.org, e-mail: dgossae@gmail.com**
**for online classes: ossaebodhanam.org**


## വിജ്ഞാപനം

**സ്നേഹിതരേ,**

2021 ലെ അർദ്ധവാർഷികപരീക്ഷ എല്ലാ യൂണിറ്റുകളിലും ഭംഗിയായി നടന്നു എന്നു മനസ്സിലാക്കുന്നു. ഇതിൽ സഹകരിച്ചു പ്രവർത്തിച്ച എല്ലാവരെയും അനുമോദിക്കുന്നു. എന്നാൽ അർദ്ധവാർഷികപരീക്ഷയ്ക്കു മുൻപു പഠിപ്പിച്ചു തീർക്കേണ്ടതായ പാഠങ്ങൾ പൂർണമാക്കാതിരുന്ന ചില യൂണിറ്റുകൾ ഉണ്ടായിരുന്നു എന്നത് ചുമതലപ്പെട്ടവർ ഗൗരവമായി കാണണം എന്ന് ഓർമ്മിപ്പിക്കട്ടെ.

വാർഷികപരീക്ഷയ്ക്കു മുൻപായി എല്ലാ പാഠങ്ങളും പഠിപ്പിക്കുവാൻ അധ്യാപകർ ശ്രദ്ധിക്കണം. അർദ്ധവാർഷിക പരീക്ഷയ്ക്കു മുൻപു പഠിച്ച പാഠങ്ങളും വാർഷികപരീക്ഷയിൽ ഉൾപ്പെടും എന്നതും ശ്രദ്ധിക്കുക.

വേദപ്രവീൺ ഡിപ്ലോമ പരീക്ഷയുടെ പ്രോജക്ടിനും ഓറിയന്റേഷൻ ക്ലാസ്സിനും വിദ്യാർത്ഥികൾ ആവശ്യമായ പ്രാധാന്യം കൊടുക്കണം എന്ന് പ്രത്യേകം ഓർമ്മിപ്പിക്കട്ടെ. **2021 ഡിസംബറിൽ നടക്കുന്ന വേദപ്രവീൺ ഡിപ്ലോമാപരീക്ഷയുടെ മാർക്കിനൊപ്പം പ്രോജക്ടിന് 7 മാർക്കും ഓറിയന്റേഷൻ സമ്മറിക്ക് 3 മാർക്കും ഉൾപ്പെടുത്തിയിട്ടുണ്ട് എന്നത് എല്ലാവരും ശ്രദ്ധിക്കുക. നിലവാരമില്ലാത്ത റിപ്പോർട്ടുകൾക്ക് ഹെഡ്മാസ്റ്റർമാർ അംഗീകാരം കൊടുക്കരുത്.** ഹെഡ്മാസ്റ്റർമാർക്ക് എന്തെങ്കിലും പരിമിതികൾ ഉണ്ടെങ്കിൽ ഏതെങ്കിലും അധ്യാപകന്റെ സഹായം തേടണം. ഹെഡ്മാസ്റ്റർ അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ടും ഓറിയന്റേഷൻ സമ്മറിയും ഇൻസ്പെക്ടർമാർ ശേഖരിച്ച് ഡയറക്ടർ മുഖാന്തിരം കേന്ദ്ര ഓഫീസിൽ എത്തിക്കണം. ഒക്ടോബർ 15 നു ശേഷം റിപ്പോർട്ടുകൾ കേന്ദ്രത്തിൽ സ്വീകരിക്കുന്നതല്ല.

**പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പതിനൊന്നാം ക്ലാസ്സിലെ ടെക്സ്റ്റിന്റെ ആമുഖത്തിൽ നൽകിയിട്ടുള്ളത് ശ്രദ്ധിക്കണം.** അതിൽ പറഞ്ഞിട്ടുള്ള രീതിയിൽ റിപ്പോർട്ട് തയ്യാറാക്കുവാൻ ഹെഡ്മാസ്റ്റർ നിഷ്കർഷിക്കണം.

ഓറിയന്റേഷൻ സമ്മറി, അതാതു കുട്ടികളുടെ പ്രോജക്ട് റിപ്പോർട്ടിനൊപ്പം പിൻ ചെയ്തു വയ്ക്കാം. എന്നാൽ പല വിദ്യാർത്ഥികളുടെ റിപ്പോർട്ടുകൾ ഒരുമിച്ച് കുത്തിക്കെട്ടരുത്. അവ ഒരുമിച്ച് കവറിൽ ഇട്ട് ഹെഡ്മാസ്റ്റർ സെപ്റ്റംബർ മാസത്തിൽ ഇൻസ്പെക്ടറെ ഏല്പിക്കുക. ഓരോ കുട്ടിയുടെയും റിപ്പോർട്ടിന് ഒരു **കവർപേജ്** ഉണ്ടായിരിക്കണം. കവർപേജിന്റെ ഫോർമാറ്റ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

എല്ലാ കാര്യങ്ങളും ഭംഗിയായും കൃത്യമായും ചെയ്യുവാൻ ദൈവം സഹായിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ,

ദേവലോകം
08-07-2021

വർഗീസ് വർഗീസച്ചൻ
ഡയറക്ടർ ജനറൽ

# OSSAE

## Vedapraveen Diploma

## Submission of Project and Orientation Report

Name: ………………………………………………………………..

Phone No.: ………………………………………………………..

Sunday School Unit: …………………………………………....

Name of Parish: ……………………………………………....

District & Diocese ……………………………………………....

Private /Regular: ………………………………........................

Submission: Project/Orientation Report

Date of submission: ………………….

**Title of Project:** ………………………………………………

………………………………………………………………

**Remarks by:**

Head Master: Name & Signature …………………………....
Ph. No.: ……………………………… Date ………………........

District Insp.:Name & Signature ……………………………......
Ph. No.: ……………………………… Date ………………........

Director: Name & Signature of Director ……………………..
Date; ……………………….

---

By OSSAE Office:
Marks:
Project (7) ………

Orientation Report (3) ……… Total (10) ……………...

Name & Sign of evaluator ……………………………………...